# നവോത്ഥാനം - നോവലിലൂടെ

## ചന്തുമേനോന്റെ ഇന്ദുലേഖയെ ആസ്പദമാക്കിയുള്ള പഠനം

**ജാസ്മി പി. ജെ.**

ഗസ്റ്റ് ലക്ചററർ, മലയാള വിഭാഗം, വിമല കോളേജ്, തൃശ്ശൂർ

മലയാളസാഹിത്യത്തിന്റെ ചരിത്രത്തിൽ നടന്ന ഏറ്റവും വലിയ സാംസ്കാരിക വിപ്ലവത്തിന്റെ ഫലങ്ങളിലൊന്നായിരുന്നു നോവലിന്റെയും ചെറുകഥയുടെയും ആവിർഭാവം. ജനകീയവും മതനിരപേക്ഷവും കാവ്യപാരമ്പര്യഭിന്നവുമായ ഗദ്യത്തിന്റെ രൂപപ്പെടലായിരുന്നു ഈ സാംസ്കാരികവിപ്ലവം. ഔദ്യോഗിക ഗദ്യത്തിനു പകരം സാമാന്യ വ്യവഹാരഭാഷയിൽ എഴുതപ്പെട്ട ഈ സാഹിത്യ ജനുസുകൾ കേരളീയ സമൂഹത്തിൽ ആരംഭിക്കാൻ തുടങ്ങിയ പുതിയ കർത്തൃത്വത്തെ അടയാളപ്പെടുത്തി. 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിനുശേഷം കേരളത്തിലുണ്ടായ സാമൂഹികവും രാഷ്ട്രീയവും വിദ്യാഭ്യാസപരവും സാംസ്കാരികവുമായ മാറ്റങ്ങളുടെ ഭാഗമായിരുന്നു ജനകീയ ഗദ്യത്തിന്റെയും നോവൽ, ചെറുകഥ എന്നിവയുടെയും ആവിർഭാവം. ഒരു സമൂഹത്തിന്റെ പരിവർത്തനത്തെ സൂചിപ്പിക്കുന്ന പ്രധാനലക്ഷണങ്ങളിലൊന്നാണ് പുതിയൊരു ഭാഷാക്രമത്തിന്റെ, വിശേഷിച്ചും ഗദ്യത്തിന്റെ വളർച്ച.

19-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ പുതിയൊരു ഗദ്യഭാഷാക്രമം കേരളത്തിൽ നടപ്പിലാവാൻ തുടങ്ങിയിരുന്നു. കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഉണ്ടായ ആധുനികതയുടെ ഫലമായാണ് ഗദ്യഭാഷ ഇവിടെ വളർച്ച പ്രാപിച്ചത്. കൊളോണിയൽ ആധുനികത കേരളത്തിന്റെ വിവിധ മേഖലകളിലെ വിദ്യാഭ്യാസപരവും സാമൂഹികവും സാങ്കേതികവുമായ രംഗങ്ങളിൽ നടത്തിയ നവോത്ഥാനത്തിന്റെ പശ്ചാത്തലത്തിലല്ലാതെ ഗദ്യസാഹിത്യത്തെക്കുറിച്ച് പഠിക്കുക സാധ്യമല്ല.

കൊളോണിയൽ വിദ്യാഭ്യാസവും ക്രിസ്തുമതപ്രചരണത്തിനുവേണ്ടി പാശ്ചാത്യമിഷണറിമാർ നടത്തിയ മലയാള ഭാഷാപോഷണ പ്രവർത്തനങ്ങളും ഇതിന് സഹായകമായി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ഫലമായുണ്ടായ കൊളോണിയൽ ആധുനികതയുമായുള്ള അഭിമുഖീകരണം 19-ാം നൂറ്റാണ്ടിലെ ഇന്ത്യയിൽ നവോത്ഥാനാന്തരീക്ഷം സൃഷ്ടിച്ചു. വിദേശശക്തിയുടെ ഭരണം സുഗമമാക്കുന്നതിന് അധികാരികൾ ആസൂത്രണം ചെയ്ത പരിപാടിയിലെ മുഖ്യമായ ഒരു ഘടകമായിരുന്നു ഈ വിദ്യാഭ്യാസപരിഷ്കാരം.

പാശ്ചാത്യബന്ധംകൊണ്ടുണ്ടായ ഇന്ത്യൻ നവോത്ഥാനത്തിന്റെ ഭാഗമായ സാങ്കേതിക, മാധ്യമ സംസ്കാരങ്ങളുടെ ഫലമായിരുന്നു നോവലും ചെറുകഥയും. സ്വാഭാവികമായും ഈ പുതിയ സാഹിത്യരൂപങ്ങൾക്കു പിന്നിൽ കൊളോണിയൽ ആധുനികതയുടെ നവോത്ഥാന ബോധവും ആശയമണ്ഡലവും പ്രവർത്തിച്ചിരുന്നു. കോളനി ഭരണം നടപ്പിലാക്കിയ ഇംഗ്ലീഷ് വിദ്യാഭ്യാസവും പ്രചാരം നേടിയ പാശ്ചാത്യജീവിതശൈലിയും സാമൂഹിക വീക്ഷണവും മൂല്യവിചാരവുമായിരുന്നു നവോത്ഥാനത്തിന്റെ പ്രേരകശക്തികൾ. മധ്യകാല ചിന്തയെ തിരസ്കരിച്ചുകൊണ്ട് യൂറോപ്പിലുണ്ടായ നവോത്ഥാനത്തിൽനിന്നു വ്യത്യസ്തമായിരുന്നു ഇന്ത്യൻ നവോത്ഥാനം. നവോത്ഥാനബോധം യൂറോപ്പിലെപ്പോലെ നിലവിലുള്ള ആധിപത്യപരമായ ജ്ഞാനവ്യവസ്ഥയുടെ പൊളിച്ചെഴുത്ത് എന്ന നിലയിലല്ല ഇന്ത്യൻ ജീവിതത്തെ ബാധിച്ചത്. സാമൂഹിക പരിഷ്കരണയത്നങ്ങളുടെ രൂപത്തിലായിരുന്നു നവോത്ഥാനത്തിന്റെ ഭാരതപ്രവേശനം. കോളനിബന്ധം സംഭാവനചെയ്ത പുതിയ മൂല്യപരിസരം ഇന്ത്യൻ ഉപരിവർഗ്ഗങ്ങളുടെ ചിന്തയിലും മാറ്റമുണ്ടാക്കി. അതോടൊപ്പംതന്നെ സാഹിത്യബോധത്തിലും അതിന്റെ സ്വാധീനം തെളിഞ്ഞു. ക്രിസ്തുമതപ്രചാരണം എന്ന ലക്ഷ്യത്തോടുകൂടി എഴുതപ്പെട്ട ആദ്യകാലകൃതികളിൽ നിന്ന് യഥാർത്ഥ നോവലുകളിലേക്കെത്തുമ്പോഴേക്കും ഈ ആശയമണ്ഡലം സുശക്തമാവുന്നതിനോടൊപ്പം വിമർശനവിധേയവുമാകുന്നതായി കാണാം. കൊളോണിയൽ ആധുനികത സൃഷ്ടിച്ച പുതിയ കർത്തൃത്വങ്ങൾക്കും ലോകവീക്ഷണത്തിനുമൊപ്പം മാധ്യമ സംസ്കാരത്തിന്റെയും വിദ്യാഭ്യാസവ്യാപനത്തിന്റെയും ഫലമായി ഉയർന്നുവന്ന പുതിയ ദേശീയതാസങ്കല്പവും 19-ാം നൂറ്റാണ്ടിലെ നോവലിൽ ഉദയം ചെയ്തു.

ഒ. ചന്തുമേനോന്റെ 'ഇന്ദുലേഖ'യുടെ പ്രസിദ്ധീകരണ (1889)ത്തോടെ മലയാളത്തിൽ നോവലിന്റെ കാലം ആരംഭിക്കുന്നു. കൊളോണിയൽ ആധുനികതയുമായുള്ള അഭിമുഖീകരണത്തിന്റെ നേർഫലമായിരുന്നു

ഇത്. ബ്രിട്ടീഷ് കോളനി വാഴ്ചയുടെ വികാസത്തിന്റെ അനന്തരഫലമായാണ് ഇന്ത്യൻ നോവലിന്റെ ചരിത്രവും തുടങ്ങുന്നത്. 'ഇന്ദുലേഖ'യുടെ പിറവിക്കു പിന്നിലും കോളനിവാഴ്ച സൃഷ്ടിച്ച പ്രബുദ്ധതയും മൂല്യഭാവനയും ജീവിതസാഹചര്യങ്ങളുമുണ്ട്. രണ്ട് തരം സംസ്കാരങ്ങളുടെയും ഭാഷകളുടെയും ലോകവീക്ഷണങ്ങളുടെയും എതിരിടലാണ് കൊളോണിയൽ നോവലിസ്റ്റ് നേരിട്ട പ്രശ്നം. അതുകൊണ്ടുതന്നെ ഏകാന്തതാബോധത്തിന്റെ ആവിഷ്കാരമായല്ല നോവൽ പിറന്നത്. മലയാളനോവലിന്റെയും പൊതുവായ ഭാരതീയനോവലിന്റെയും സ്ഥിതി ഇതായിരുന്നു.

വീട്ടിൽ സംസാരിക്കുന്ന മലയാളത്തിൽ, ഇംഗ്ലീഷ് മാതൃകയിൽ ഒരു നോവൽ എഴുതാമെന്നു നിശ്ചയിച്ചതോടെ മലയാളത്തിലെ കഥാഖ്യാനകലയിലും ഗദ്യചരിത്രത്തിലും പാരമ്പര്യവിഛേദത്തിന്റെ നക്ഷത്രചിഹ്നമിടുകയായിരുന്നു ഒ. ചന്തുമേനോൻ. കേരളീയമായ ലോകവീക്ഷണത്തിന്റെയും സാമൂഹികഘടനയുടെയും ചില തലങ്ങളിലുണ്ടായ മാറ്റം പ്രതിഫലിപ്പിക്കുകയായിരുന്നു ആ പുതിയ രൂപം. സാഹിത്യേതരമായി ഗണിക്കപ്പെട്ട സാമൂഹിക ജീവിതത്തിന്റെയും ഭാഷയുടെയും ഈ പ്രവേശനമാണ് 'ഇന്ദുലേഖ'യുടെ സവിശേഷതകളിൽ ആദ്യത്തേത്. അതേസമയം ജന്മിത്തവ്യവസ്ഥയോടും കൊളോണിയൽ ഭരണത്തോടും ബന്ധപ്പെട്ട ഉപരിവർഗ്ഗജീവിതവും ഭാഷയുമായിരുന്നു അത്. 'ഇന്ദുലേഖ' സൃഷ്ടിക്കുന്ന സാംസ്കാരികപാഠത്തിൽ അതീവപ്രധാനമാണ് അവ. കേരളീയ സാമൂഹ്യവ്യവസ്ഥയുടെ ആത്മവത്തയും അന്യസംസ്കാരത്തിന്റെ അധിനിവേശപ്രവണതയുമാണ് 'ഇന്ദുലേഖ'യ്ക്കു പിന്നിലെ ഇരട്ടസംഘർഷം. അതിലൂടെ രണ്ടു സാമൂഹികസ്ഥലങ്ങളും സംസ്കാരങ്ങളും തമ്മിലുള്ള അവയുടെ പ്രാതിനിധ്യം വഹിക്കുന്ന കർത്തൃത്വങ്ങൾ തമ്മിലുള്ള സംഘർഷം ചന്തുമേനോൻ ആവിഷ്കരിച്ചു. ഭിന്നലോക വീക്ഷണങ്ങൾ തമ്മിലുള്ള വൈരുദ്ധ്യവും സംഘർഷവും ആവിഷ്കൃതമാവുന്ന സാമൂഹികസ്ഥലമായി മാറുന്ന സവിശേഷതയാണ് സാമൂഹികരൂപപരമായി നോവലിനുള്ള വ്യത്യസ്തത.

ഇംഗ്ലീഷ് മൂല്യങ്ങളുടെ വരവ് കൊളോണിയൽ കടന്നുകയറ്റമോ സ്വഭാവികമായ ആവശ്യമോ പ്രശ്നപരിഹാരമാർഗ്ഗമോ ആയാണ് 'ഇന്ദുലേഖ' അവതരിപ്പിക്കുന്നത്. സാമ്പ്രദായികേതരമായ കർത്തൃത്വം തന്റെ നായികാനായകൻമാരായ ഇന്ദുലേഖയ്ക്കും മാധവനും നോവലിസ്റ്റ് നല്കിയത് ഈ കൊളോണിയൽ ബോധത്തിന്റെ ഭാഗമായാണ്. കോളനിവാഴ്ചയുടെയും വിദ്യാഭ്യാസത്തിന്റെയും പ്രാബല്യത്തോടെ നിലവിൽ വന്ന പുതിയ കേരളീയ കർത്തൃത്വത്തിന്റെ മാതൃകയെന്ന നിലയിൽക്കൂടി

'ഇന്ദുലേഖ'യെന്ന നോവലിനെയും ചന്തുമേനോൻ എന്ന നോവലിസ്റ്റി നെയും വിലയിരുത്തേണ്ടതുണ്ട്.

പരസ്പരം സംവദിക്കുകയും സംഘർഷത്തിലേർപ്പെടുകയും ചെയ്യുന്ന രണ്ടുതരം ആഖ്യാനസ്വരങ്ങളാണ് 'ഇന്ദുലേഖ'യിൽ നോവലിസ്റ്റ് ഉപ യോഗിക്കുന്ന പഠനതന്ത്രം. ഫ്യൂഡൽ കാർഷിക സമ്പദ്‌വ്യവസ്ഥ ഒരു വശത്തും കോളനിവാഴ്ചയുടെ പരിഷ്കൃത നാഗരികത മറുവശത്തുമായി നിൽക്കുന്ന പുതിയ സാമൂഹികാവസ്ഥയുടെ ഭാഗമായാണ് ഈ ആഖ്യാ നസ്വരങ്ങൾ ഉയരുന്നത്. അവയിലൊന്ന് കാരണവരിൽ കേന്ദ്രീകരിച്ച സാമ്പ്രദായികവ്യവസ്ഥയുടെ സ്വരവും രണ്ടാമത്തേത് ശാസ്ത്രം, വിദ്യാഭ്യാ സം എന്നിവയെ കേന്ദ്രീകരിക്കുന്ന കോളനി ബോധത്തിന്റെ സ്വരവുമാ ണ്. ദൈവകേന്ദ്രീകൃതമായ മതഘടനയാണ് സമൂഹത്തിന്റേത്. ആഢ്യ വർഗത്തിന്റെ വിശ്വവീക്ഷണം അത് അവതരിപ്പിക്കുന്നു. രണ്ടാമത്തേ തിൽ ദൈവം നിഷ്കാസനം ചെയ്യപ്പെടുകയും പകരം ഇംഗ്ലീഷ് /ശാസ്ത്ര ജ്ഞാനം പ്രതിഷ്ഠിക്കപ്പെടുകയും ചെയ്യുന്നു. രണ്ടുതരം അധികാര ഘടന കൾ ഉത്പാദിപ്പിക്കുന്ന സവിശേഷ പ്രത്യയശാസ്ത്രങ്ങളുടെ നിർമ്മിതിക ളാണ് യഥാർത്ഥത്തിൽ ഈ രണ്ടു സ്വരങ്ങളും. അവയുടെ സംഘർഷച രിത്രമാണ് 'ഇന്ദുലേഖ'യെന്ന നോവലായി തീരുന്നത്.

ചമ്പാഴിയോട്ടു പൂവള്ളി എന്ന തറവാടിന്റെ പശ്ചാത്തലത്തിൽ സമ്പ ത്തിനു മുഴുവൻ ഉടമയായ ജന്മി കാരണവരിൽ കേന്ദ്രീകരിച്ച ഫ്യൂഡൽ സാമൂഹികക്രമത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ നിർമ്മിക്കപ്പെ ട്ട കർത്തൃത്വങ്ങൾ ഉയർന്നുവരുന്നതിന്റെ ചരിത്രമാണ് അത്. കാരണ വരിൽനിന്ന് സ്വതന്ത്രമാവാനും ഇച്ഛാനുസരണം തീരുമാനമെടുക്കാനും വെമ്പുകയാണ് ആ പുതിയ കർത്തൃത്വങ്ങൾ. അതേസമയം സാമ്പ്രദാ യിക വ്യവസ്ഥ നിലനിർത്താൻ കഠിനമായി ശ്രമിക്കുന്നു പഴയതലമുറ. പുതിയൊരു സാമൂഹികക്രമവും കർത്തൃത്വവും സ്വപ്നംകാണുന്ന നവതല മുറയുടെ ആയുധം ഭാഷയും വിദ്യാഭ്യാസവുമാണ്. ജന്മിത്വവ്യവസ്ഥയി ലെ യുവാക്കൾ, സ്ത്രീകൾ തുടങ്ങിയവർ നേരിട്ട കർത്തൃത്വാനുഭവത്തിന്റെ അഭാവം വിദ്യാഭ്യാസമില്ലായ്മയുടെ ഫലമാണെന്ന് ചന്തുമേനോൻ വിശ്വ സിച്ചു. ഒന്നും പഠിപ്പിക്കാതെ 'ശിന്നനെയും മൂരിക്കുട്ടനെപ്പോലെ വളർ ത്താനാണത്രേ' കാരണവരുടെ ഭാവമെന്ന് മാധവൻ ക്ഷുഭിതനാകുന്നിട ത്തുനിന്നാണ് നോവൽ തുടങ്ങുന്നത്. കാരണവർ കേന്ദ്രമായ അധികാ രജ്ഞാനമണ്ഡലത്തിനു പകരം ശാസ്ത്രകേന്ദ്രിതമായ പാശ്ചാത്യനവോ ത്ഥാന ജ്ഞാനമണ്ഡലത്തെ നോവലിലേക്ക് അദ്ദേഹം ആനയിച്ചു. ഇം ഗ്ലീഷ് എന്ന പുതിയ ചിന്ത 'ഇന്ദുലേഖ'യുടെ സാംസ്കാരികാബോധത്തിൽ

അധിനിവേശം ചെയ്തു. ഇംഗ്ലീഷ് അറിയാത്തവരും പാലിക്കാത്തവരും പലപ്പോഴും അല്പന്മാരോ കോമാളി രൂപങ്ങളോ ആയിത്തീരുന്ന ഈ നോവലിൽ, ആ ഭാഷ ആശയവിനിമയത്തിനുള്ള ഒരു മാധ്യമമല്ല. പകരം കർതൃത്വദായകമായ ജ്ഞാനവ്യവസ്ഥയാണ്; അതിന്റെ പ്രജ്ഞയാവട്ടെ പാശ്ചാത്യനവോത്ഥാനത്തിന്റെയും കോളനിവാഴ്ചയുടെയും ഫലമായ പ്രത്യയശാസ്ത്രവും.

സാമ്പ്രദായിക വ്യവസ്ഥയെ ചോദ്യംചെയ്യുന്ന പാശ്ചാത്യബോധത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ട നായക കഥാപാത്രങ്ങളാണ് ഇന്ദുലേഖയും മാധവനും. അതിസുന്ദരിയും കസവിൽനിന്ന് വേറിട്ടറിയാൻ വയ്യാത്ത ശരീരവർണ്ണവുമുള്ള ഇന്ദുലേഖ ഇംഗ്ലീഷിലും സംസ്കൃതത്തിലും അവഗാഹമുള്ളവളാണ്. അവളുടെ മലയാളംപോലും നാട്ടുമൊഴിവഴക്കങ്ങൾ തീണ്ടിയതല്ല. മാത്രമല്ല വീണയും പാശ്ചാത്യസംഗീതോപകരണമായ പിയാനോയും അവൾക്കു വഴങ്ങും. യൂറോപ്യൻ സ്ത്രീകൾ അഭ്യസിക്കുന്ന തുന്നൽ, ചിത്രമെഴുത്ത് തുടങ്ങിയവയിലും നൈപുണ്യമുണ്ട്. പാശ്ചാത്യ വ്യക്തിത്വത്തിലേക്കു സ്വാംശീകരിക്കപ്പെട്ട മറ്റൊരു സ്വർണ്ണവർണ്ണക്കാരനാണ് നായകനായ മാധവനും. അച്ഛൻ ഗോവിന്ദപണിക്കരെപ്പോലെ നായാട്ടുകമ്പക്കാരനായ മാധവൻ റിവോൾവർ, പിസ്റ്റൾ തുടങ്ങിയ യൂറോപ്യൻ ആയുധങ്ങൾ കൊണ്ടുനടക്കുന്നു. സ്യൂട്ടും തൊപ്പിയും അണിയുന്നു. ബി.എ., ബി.എൽ. ബിരുദങ്ങൾ മദിരാശിയിൽനിന്നു നേടിയ മാധവൻ ടെന്നീസും ക്രിക്കറ്റും കളിക്കുന്നവനാണ്. സാമ്പ്രദായികത്വത്തിന്റെ അപരിഷ്കൃതത്വത്തിനും അവിദ്യക്കുമെതിരെ ചന്തുമേനോൻ സൃഷ്ടിച്ച ഈ രണ്ട് നായകപാത്രങ്ങളും യൂറോപ്യൻ അച്ചുകളിൽ വിടർന്നവരാണ്. നാട്ടുമൂല്യങ്ങളെ ആദരിക്കുന്നതോടൊപ്പം മറുനാട്ടുവഴക്കങ്ങൾ സ്വാംശീകരിക്കുകയും ചെയ്യുന്ന അവർ. പാശ്ചാത്യജ്ഞാനവ്യവസ്ഥയാണ് അവരുടെ കർതൃത്വത്തിന്റെ അടിസ്ഥാനവും ജീവിതസമീപനത്തിന്റെ അളവുകോലും. മാധവൻ പ്രഖ്യാപിക്കുന്നു: "പൂർവ്വന്മാർ സമ്പാദിച്ചതും നമ്മുടെ അഭ്യുദയത്തിനും ഗുണത്തിനും വേണ്ടി അദ്ദേഹം കൈവശം വെച്ചിരിക്കുന്നതുമായ പണം നമ്മുടെ ന്യായമായ ആവശ്യങ്ങൾക്കു വേണ്ടി ചെലവിടാനേ ഞാൻ പറഞ്ഞുള്ളൂ". ഒരു പിതൃകേന്ദ്രിത സമൂഹത്തിൽ ഉയർന്ന ഞെട്ടിപ്പിക്കുന്ന സ്വാതന്ത്ര്യ പ്രഖ്യാപനമാണിത്. വ്യവസ്ഥാപിത നിയമങ്ങളെ ഈവിധം ലംഘിച്ചുകൊണ്ട് ഇന്ദുലേഖയും മാധവനും തങ്ങളുടെ കർതൃത്വങ്ങൾ വെളിപ്പെടുത്തുന്നു.

'ഇന്ദുലേഖ'യിൽ തെളിയുന്ന പുതിയ ലോകവീക്ഷണത്തിന്റെ ആധാരം നവോത്ഥാനഫലമായ ബ്രിട്ടീഷ് ജ്ഞാനമാതൃകകളാണ്.

ചാൾസ് ഡാർവിന്റെ പരിണാമവാദവും ബ്രിട്ടീഷ് സ്വതന്ത്രചിന്തകളും റാഡിക്കൽ രാഷ്ട്രീയക്കാരനുമായിരുന്ന ചാൾസ് ബ്രാഡ്‌ലിയുടെ നിരീശ്വരവാദവും 18-ാം അധ്യായത്തിൽ നിറഞ്ഞുനില്ക്കുന്നു. അവിടെനിന്ന് ബ്രിട്ടീഷ് ഭരണം, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആവശ്യകത തുടങ്ങിയ വിഷയങ്ങളിലേക്കാണ് ചർച്ച നീങ്ങുന്നത്. ദൈവം ഉണ്ടോ എന്ന താത്ത്വികപ്രശ്നം അവതരിപ്പിച്ചുകൊണ്ട് ഡാർവീനിയൻ ബോധത്തെ ആനയിക്കുകയാണ് നോവലിസ്റ്റ്. ഡാർവിന്റെ ജീവജാതികളുടെ ഉത്ഭവം, മനുഷ്യപ്രകൃതി ബന്ധത്തെ കുറിച്ചുകൊണ്ട് സമൂഹം, ആത്മാവ്, മതം തുടങ്ങിയവയെക്കുറിച്ച് അടിസ്ഥാനപരമായ ചില ചോദ്യങ്ങൾ ഉയർത്തി പാശ്ചാത്യഭാവനയെ പുനർരൂപപ്പെടുത്തിയ ഒരു ആഖ്യാനരൂപമോ അവരുടെ ഒരു ഗണമോ സൃഷ്ടിക്കുകയായിരുന്നു ഡാർവിൻ. എല്ലാത്തരം ആധികാരികതകളെയും പരിണാമ സിദ്ധാന്തം ചോദ്യം ചെയ്തു. ഈ ആശയമണ്ഡലത്തിന്റെ സ്വാധീനത നോവൽ എന്ന സാഹിത്യരൂപത്തിന്റെ വളർച്ചയിൽ തന്നെ പ്രകടമാണ്. പാശ്ചാത്യ നവോത്ഥാനത്തിന്റെ ഫലമായ 'ഇന്ദുലേഖ'യിലും ഡാർവീനിയൻ ബോധം സ്വാധീനത ചെലുത്തിയത്  അങ്ങനെയാണ്.

ഡാർവിന്റെ ശാസ്ത്രീയ സങ്കല്പങ്ങളാൽ സ്വാധീനിക്കപ്പെട്ട നോവലിസ്റ്റായിരുന്നില്ല ചന്തുമേനോൻ. അതേസമയം അതിന്റെ അടിസ്ഥാനമുള്ള നവോത്ഥാനബോധം അദ്ദേഹത്തെ ഡാർവീനിയനാക്കിത്തീർത്തു. ഡാർവിൻ മാത്രമല്ല ബ്രിട്ടീഷ് പരിണാമവാദിയും പ്രകൃതിശാസ്ത്രജ്ഞനുമായ ആൽഫ്രഡ് റസൽ വാലസ്, ഡാർവിന്റെ സിദ്ധാന്തത്തെ എല്ലാ മനുഷ്യവിജ്ഞാന ശാഖകളിലേക്കും വ്യാപിപ്പിക്കാൻ ശ്രമിച്ച ബ്രിട്ടീഷ് തത്ത്വചിന്തകനായ ഹെർബർട്ട് സ്പെൻസർ, 'ഡാർവിന്റെ ബുൾഡോഗ്' എന്നറിയപ്പെട്ടിരുന്ന ഹ്യൂമനിസ്റ്റും ശാസ്ത്രജ്ഞനുമായ തോമസ് ഹെന്റിഹക്സ്‌ലി എന്നിവരും പതിനെട്ടാം അധ്യായത്തിൽ പരാമർശിക്കപ്പെടുന്നുണ്ട്. ദൈവത്തെക്കുറിച്ചുള്ള ചർച്ചയിൽ ഉദ്ധരിക്കപ്പെടുന്ന ചാൾസ് ബ്രാഡ്‌ലി 1880-ൽ ബ്രിട്ടീഷ് പാർലമെന്റിലേക്കു തെരഞ്ഞെടുക്കപ്പെട്ട ലിബറൽ കക്ഷിയംഗമായിരുന്നു. നിരീശ്വരവാദിയായതിനാൽ ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്യാൻ വിസമ്മതിച്ച ബ്രാഡ്‌ലിയ്ക്ക് 1886-വരെ പാർലമെന്റിൽ പ്രവേശിച്ച് സ്ഥാനമേല്ക്കാൻ കഴിഞ്ഞിരുന്നില്ല. ഫെമിനിസ്റ്റായ ആനിബസന്റും പിന്നീട് തിയോസോഫിക്കൽ സൊസൈറ്റി സ്ഥാപകയും 1917-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രസിഡന്റും ബ്രാഡ്‌ലിയും ചേർന്ന് ജനനനിയന്ത്രണത്തിന്റെ ആവശ്യകതയെക്കുറിച്ചു പ്രസിദ്ധീകരിച്ച പ്രബന്ധം ബ്രിട്ടനിൽ കോളിളക്കമുണ്ടാക്കിയിരുന്നു. ഇതേതുടർന്ന് വിചാരണ നേരിട്ട ആനിബസന്റിന് തന്റെ മകളുടെ

രക്ഷാകർത്തൃത്വം നഷ്ടപ്പെട്ടു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തിനു ശേഷം ബ്രിട്ടീഷ് ബോധത്തെ പിടിച്ചുലച്ച ശാസ്ത്ര-തത്ത്വചിന്താ പദ്ധതികൾ കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ചന്തുമേനോനു ലഭിച്ചിരുന്നു. അതിനൊപ്പം പൈതൃകത്തെക്കുറിച്ചുള്ള ബോധവും അദ്ദേഹത്തിന്റെ വിചാരത്തിന്റെ ഭാഗമായിരുന്നു. ഈ ഭിന്നമായ വ്യവസ്ഥയുടെ പരസ്പര സംഘർഷമാണ് പതിനെട്ടാം അധ്യായത്തിലെ തുറന്ന ആശയചർച്ചയിൽ തെളിയുന്നത്.

കുലക്കുടസ്ഥനായ കാരണവരുടെ മേൽക്കോയ്മ ലംഘിച്ച് തീരുമാനമെടുക്കുന്ന സ്വതന്ത്രകർത്തൃത്വങ്ങളെ സൃഷ്ടിച്ച 'ഇന്ദുലേഖ'യുടെ അബോധം കോളനിവാഴ്ചയിലൂടെ ലഭ്യമായ പാശ്ചാത്യ നവോത്ഥാനത്തിന്റേതാണ്. കർത്തൃത്വനിർമ്മാണത്തെ ഭാഷാവ്യവഹാരമായി കണ്ടതിലൂടെ ചന്തുമേനോൻ അധിനിവേശത്തിന്റെ സാംസ്കാരിക ബോധത്തിനു കീഴടങ്ങുകയായിരുന്നില്ല. മറിച്ച് ഏകകർത്തൃകമായ ഒരു സാമൂഹികവ്യവസ്ഥയിൽ സ്വതന്ത്രങ്ങളായ ബഹുകർത്തൃത്വങ്ങൾക്കുള്ള സാധ്യത ആവിഷ്കരിക്കുകയും മതാധിഷ്ഠിതമായ ആഢ്യജ്ഞാനത്തെ ശാസ്ത്രത്തിന്റെ യുക്തിയിലേക്ക് പരിവർത്തിപ്പിക്കുകയുമായിരുന്നു 'ഇന്ദുലേഖ'യുടെ ആഖ്യാനമണ്ഡലം. പരസ്പരം എതിരിടുന്ന വ്യവസ്ഥകളുടെ വൈരുദ്ധ്യങ്ങളെല്ലാം ഉൾക്കൊള്ളുന്ന നോവൽ എന്ന സാഹിത്യരൂപത്തിന്റെ യഥാർത്ഥസ്വഭാവം തിരിച്ചറിയുകയുമായിരുന്നു ചന്തുമേനോൻ. തികച്ചും നവീനമായ ആ സാഹിത്യരൂപത്തിൽ അന്തർഭവിച്ചിരുന്ന സാമൂഹിക ഉടമ്പടിയുടെ സംഘർഷാടിസ്ഥാനത്തിലുള്ള സ്വഭാവത്തെ നിർദ്ധാരണം ചെയ്യാൻ ശ്രമിച്ചതിന്റെ ഫലമായിരുന്നു അത്. സാഹിത്യരൂപമായ ഈ സവിശേഷത മലയാളത്തിലെ ആദ്യനോവലായി 'ഇന്ദുലേഖ'യെ മാറ്റുന്നു.

## സഹായകഗ്രന്ഥങ്ങൾ

1. ഇന്ദുലേഖ, ഒ. ചന്തുമേനോൻ.
2. സമ്പൂർണ്ണ മലയാളസാഹിത്യചരിത്രം, എഡിറ്റർ: പ്രൊഫ. പന്മന രാമചന്ദ്രൻ നായർ, നോവലും ചെറുകഥയും, ഡോ. പി. കെ. രാജശേഖരൻ, പുറം 628-646.
3. നോവൽ പഠനങ്ങൾ, എഡിറ്റർ: പന്മന രാമചന്ദ്രൻനായർ, ഇന്ദുലേഖ: ഡോ. എം. ടി. സുലേഖ, പുറം 11-19.